## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4169**

**25.06.2014** ൽ മറുപടിക്ക്

അലക്യംതോട് സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പരിയാരം അലക്യം തോട് പൂർണ്ണമായും മലിനീകരിക്കപ്പെട്ടതിനാൽ പ്രദേശവാസികളും കൃഷിക്കാരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) മലിനീകരണംമൂലം കടന്നപ്പള്ളി പഞ്ചായത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രസ്തുത തോട്ടിൽ അടിഞ്ഞു കൂടിയ മാലിന്യങ്ങൾ നീക്കുന്നതിനും ആഴം വർദ്ധിപ്പിച്ച് ഇരു വശവും ഭിത്തികൾ കെട്ടി സംരക്ഷിക്കുന്നതിനും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (ബി) അലക്യം തോടിന്റെ കരയുടെ സംരക്ഷണ പ്രവർത്തികൾ ജലസേചന വകുപ്പ് പല ഘട്ടങ്ങളിലായി നടത്തിയിട്ടുണ്ട്. പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് തോടിന്റെ ബാക്കിയുള്ള കരയുടെ സംരക്ഷണ പ്രവർത്തികൾ ഏറ്റെടുത്ത് നടത്താവുന്നതും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ സുഗമമായി നടത്താൻ കഴിയുന്നതുമാണ്. |

സെക്ഷൻ ഓഫീസർ